**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3475** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഫാം പ്ലാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ചിരുന്ന ഫാം പ്ലാൻ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയെന്നും നാളിതുവരെ എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ; | (എ) | ഫാം പ്ലാൻ പദ്ധതി പ്രകാരം ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 14 ജില്ലകളിലും കേരളാ കാർഷിക സർവ്വകലാശാല മുഖാന്തിരം മാസ്റ്റർ പരിശീലകരുടെ പരിശീലനങ്ങൾ പൂർത്തീകരിച്ചു.<br><br>എല്ലാ ജില്ലകളിലും കൃഷി ആഫീസർമാർക്കും കൃഷി ഫീൽഡ് ആഫീസർമാർക്കും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും പദ്ധതിയെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിനും പദ്ധതി നടത്തിപ്പിനെക്കുറിച്ച് വിശദീകരിക്കുന്നതിനും ജില്ലാതല സ്പെഷ്യലൈസ്ഡ് പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തൊട്ടാകെ ഫാം പ്ലാൻ നടപ്പിലാക്കുന്നതിനായി 16,344 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഫാം പ്ലാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ബ്ലോക്കുതല വിജ്ഞാന കേന്ദ്രങ്ങളിൽ പ്രത്യേക യോഗങ്ങൾ നടത്തിയതിലൂടെ 10760 കർഷകരെ കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായി നാളിതുവരെ 13919 ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>ബ്ലോക്കുകളിൽ ഫാം പ്ലാൻ വാലിഡേഷനുവേണ്ടി നാളിതുവരെ 156 വർക്ക്ഷോപ്പുകൾ നടത്തിയതിലൂടെ 10551 കൃഷിയിടാധിഷ്ഠിത പ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>99 ഫാം സ്കൂളുകൾ നടത്തുകയും 10458 പ്ലോട്ടുകളിൽ നിന്നും മണ്ണ് പരിശോധന സാമ്പിളുകൾ ശേഖരിക്കുകയും 10580 ഫീൽഡ് ഡയറികൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ നിർദ്ദിഷ്ട IFS -ഉം Non-IFS പ്ലോട്ടുകളിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>കാർഷിക സർവ്വകലാശാലയിലെ വിജ്ഞാന വ്യാപന ഡയറക്ടറേറ്റ് മുഖേന വിജ്ഞാന വ്യാപന പ്രചരണാർത്ഥം 14 ജില്ലകളിലും ട്രെയിനിങ്ങുകൾ നടത്തിയിട്ടുണ്ട്. ഫ്രണ്ട് ലൈൻ ഡെമോൺസ്ട്രേഷനും ഓൺ ഫാം ട്രയലുകളും നടത്തിവരുന്നു.<br><br>ചെറുകിട കൃഷിയിട യന്ത്രവത്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് 152 ബ്ലോക്കുകളിലും ട്രെയിനിംഗുകൾ നടത്തിവരുന്നു.<br><br>പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നതും ചെലവാക്കിയിട്ടുള്ളതുമായ തുക ചുവടെ ചേർന്നു. |

| ക്രമ നം. | ഇനം | വകയിരുത്തിയ തുക | ചെലവാക്കിയ തുക |
|---|---|---|---|
| 1. | ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതികവിദ്യാ പിന്തുണയ്ക്കുമായുള്ള പദ്ധതി | 900 ലക്ഷം | 65 ലക്ഷം |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>2.</td><td>സംയോജിത കൃഷി സമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം</td><td>250 ലക്ഷം</td><td>31.94250 ലക്ഷം</td></tr>
<tr><td>3.</td><td>കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടി-ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ</td><td>1200 ലക്ഷം</td><td>37.44158 ലക്ഷം</td></tr>
<tr><td>4.</td><td>കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ/മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി</td><td>800 ലക്ഷം</td><td>5.79 ലക്ഷം</td></tr>
<tr><td>5.</td><td>ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന സമീപനം ശക്തിപ്പെടുത്തൽ</td><td>200 ലക്ഷം</td><td>70.37314 ലക്ഷം</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ഏതൊക്കെ ഇനങ്ങളിലായിട്ടാണ് പ്രസ്തുത തുക ചെലവാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;</td><td>(ബി)</td><td>വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ എപ്രകാരം മുന്നോട്ട് കൊണ്ടുപോകാനാണ് ആലോചിക്കുന്നതെന്ന് വിശദമാക്കുമോ;</td><td>(സി)</td><td>ഭരണാനുമതി ഉത്തരവിലും തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിലും അനുശാസിക്കുന്ന രീതിയിൽ തുടർ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുവാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നിർവ്വഹണം ദ്രുതഗതിയിൽ ആക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്.<br><br>കൂടാതെ പ്രസ്തുത പദ്ധതി 2023-24 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പദ്ധതി തുടരുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.</td></tr>
<tr><td>(ഡി)</td><td>2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയാണ്; ബജറ്റ് ഹെഡ് ഉൾപ്പെടെയുള്ള വിശദാംശം അറിയിക്കുമോ?</td><td>(ഡി)</td><td>2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയ തുക ബഡ്ജറ്റ് ഹെഡ് ഉൾപ്പെടെ ചുവടെ ചേർക്കുന്നു.
<table>
<tr><th>ഇനം</th><th>വകയിരുത്തിയ തുക</th><th>ശീർഷകം</th></tr>
<tr><td>കൃഷിയിട ആസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികൾ ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ</td><td>1200 ലക്ഷം</td><td>2401-00-104-67 പ്ലാൻ</td></tr>
<tr><td>ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതികവിദ്യാ പിന്തുണയ്ക്കുമായുള്ള പദ്ധതി</td><td>650 ലക്ഷം</td><td>2401-00-109-56 പ്ലാൻ</td></tr>
<tr><td>കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ / മൂല്യ ശൃംഖല വികസനത്തിനായുള്ള പദ്ധതി</td><td>500 ലക്ഷം</td><td>2401-00-111-97 പ്ലാൻ</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ